**കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്**
**യു ജി ലേഡീസ് ഹോസ്റ്റൽ മണ്ണുത്തി**

നമ്പർ: HC/LH/2025/1 തീയതി: 24.06.2025

## കൊട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി കോളേജ് യു. ജി. ലേഡീസ് ഹോസ്റ്റൽ, മണ്ണുത്തിയിലേക്കു 22.07.2025 മുതൽ 21.07.2026 വരെ കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി മെസ് ഏറ്റെടുത്തു ഹോസ്റ്റൽ കമ്മറ്റിയുടെ നിർദേശാനുസരണം ഭക്ഷണം പാകം ചെയ്തു വിളമ്പി തരേണ്ടതിലേക്കു പരിചയ സമ്പന്നരായ വ്യക്തികളിൽ നിന്നോ, സഹകരണ സംഘങ്ങളിൽ നിന്നോ, സ്വാശ്രയ സംഘങ്ങളിൽ നിന്നോ മത്സര സ്വഭാവമുള്ള കൊട്ടേഷനുകൾ ക്ഷണിക്കുന്നു.

അതനുസരിച്ച് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒന്നാം പാർട്ടി യുടെ ഉത്തരവാദത്തിലും ഒന്നാം പാർട്ടിക്കു ശമ്പളം കൊടുക്കേണ്ടതായ വ്യവസ്ഥയിലും ഒരു പുരുഷ സഹായിയെയും ബാക്കി സ്ത്രീ സഹായികളെയും വെച്ചു ഹോസ്റ്റലിലെ ഭഷണം പാചകം ചെയ്യുന്നതിനു ദിവസവേതനമായി തുക കണക്കാക്കിയുള്ള കോട്ടേഷനുകൾ സീൽ ചെയ്ത കവറിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

കൊട്ടേഷൻ സമർപ്പിക്കുന്ന കവറിനു പുറത്തു **" യു ജി ലേഡീസ് ഹോസ്റ്റൽ മെസ് നടത്തിപ്പിനുള്ള കൊട്ടേഷൻ 2025-26"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

വിലാസം: ഹോസ്റ്റൽ സെക്രട്ടറി, യു ജി ലേഡീസ് ഹോസ്റ്റൽ സി വി എ എസ്, മണ്ണുത്തി, 680 651, Mob No: 8547473195

കൊട്ടേഷൻ ലഭിക്കേണ്ട അവസാന സമയം: **11.07.2025, 1 PM**

കൊട്ടേഷൻ തുറക്കുന്ന സമയം: 11.07.2025, 1.30 PM (ഹോസ്റ്റൽ കമ്മറ്റി യോഗം ചേർന്ന് കൊട്ടേഷനുകൾ അവലോകനം ചെയ്തു, വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി, മെസ് നടത്തുവാൻ സ്ഥാപനത്തിന് ഏറ്റവും യോജിച്ച കരാറുകാരനെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ തരം

ഭക്ഷണങ്ങളും പാകം ചെയ്യുന്നതിനുള്ള പ്രാവീണ്യവും ഭക്ഷണത്തിന്റെ ഗുണനിലവാരത്തെ പ്പറ്റിയുള്ള പൊതു അഭിപ്രായവും കരാറുകാരനെ തിരഞ്ഞെടുക്കുന്നതിൽ കണക്കിലെടുക്കുന്നതാണ്. ഇത് സംബന്ധിച്ച അന്തിമ തീരുമാനം ഹോസ്റ്റൽ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

നിരതദ്രവ്യം: തിരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ 7 ദിവസത്തിനകം 50,000 രൂപ ഹോസ്റ്റൽ ഓഫീസിൽ കെട്ടേണ്ടതാണ്.

കരാർ പ്രാബല്യം: **22.07.2025 മുതൽ 21.07.2026 വരെ** OR പുതിയ കരാർ പ്രാബല്യത്തിൽ വരുന്നത് വരെ.

താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കുവാൻ സാധ്യമെങ്കിൽ മാത്രം ക്വട്ടേഷൻ സമർപ്പിക്കാവുന്നതാണ്.

1. കരാറുകാർ FSSAI മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്, FSSAI രെജിസ്ട്രേഷൻ ലൈസൻസ് എന്നിവയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. ഭക്ഷണം പാകം ചെയ്യുവാനും വിൽക്കുവാനും സംസ്ഥാനത്തുള്ള എല്ലാ നിയമങ്ങളും പാലിക്കേണ്ടതാണ്.

2. കരാറുകാർ ഏർപ്പെടുത്തുന്ന തൊഴിലാളികൾക്ക് EPF/ESI മുതലായ സ്റ്റാറ്റിയൂട്ടറി ആനുകൂല്യങ്ങൾ കരാറുകാർ ലഭ്യമാക്കേണ്ടതാണ്

3. അതാതു മാസത്തെ തുക കരാറുകാരന് വിതരണം ചെയ്യുന്നത് മെസ് ജീവനക്കാരുടെ കഴിഞ്ഞ മാസത്തെ EPF/ESI മുതലായവ അടച്ചതിന്റെ രേഖകൾ ഹാജരാക്കിയതിനു ശേഷം മാത്രമായിരിക്കും

4. കരാർ കാലാവധിക്ക് ശേഷം നിരത ദ്രവ്യമായി വാങ്ങിയിട്ടുള്ള തുക ജീവനക്കാരുടെ ചട്ടപ്രകാരമുള്ള EPF/ESI മുതലായ തിരിച്ചടവുകൾ തീർപ്പാക്കിയതിനു ശേഷം മാത്രമായിരിക്കും തിരിച്ചു നൽകുന്നത്.

5. കരാറുകാർ ഹോസ്റ്റൽ മെസ് നടത്തുന്നതിനായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള തൊഴിൽ സംബന്ധമായ അനുമതി പത്രങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുശാസിക്കുന്ന തൊഴിലാളികൾക്കുള്ള ക്ഷേമനിധിയും മറ്റു ആനുകൂല്യങ്ങളും, സംസ്ഥാന തൊഴിലാളി ജീവൻ സുരക്ഷാ പദ്ധതി, കരാർ നിയമങ്ങൾ, അന്തർദേശീയ കുടിയേറ്റ തൊഴിലാളി നിയന്ത്രണ നിയമങ്ങൾ, അടിസ്ഥാന വേതന നിയമം, നഷ്ട പരിഹാര നിയമം തുടങ്ങി സർക്കാർ അനുശാസിക്കുന്ന എല്ലാ

നിയമങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ തർക്കങ്ങളുടെയും പരിപൂർണ ഉത്തരവാദിത്തം കരാറുകാരിൽ നിക്ഷിപ്തമായിരിക്കും.

6. കരാറുകാർ ആരോഗ്യ വകുപ്പ് നിർദേശിക്കുന്ന എല്ലാ സാക്ഷ്യ പത്രങ്ങളും കരുതിയിരിക്കേണ്ടതും, ജീവനക്കാരുടെ വൈദ്യ പരിശോധനകൾ ഇടക്കിടെ നടത്തേണ്ടതുമാണ്. മെസ് തൊഴിലാളികളുടെ ഹെൽത്ത് കാർഡ് ഹോസ്റ്റൽ കമ്മറ്റിക്ക് മുൻപാകെ സമർപ്പിക്കേണ്ടതുമാണ്.

7. ഭക്ഷണ പാനീയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഹെയർ മാസ്ക്, ഗ്ളാവ്സ്, ഫേസ് മാസ്ക് തുടങ്ങിയവ ഉപയോഗിക്കേണ്ടതാണ്.

8. മെസ്സിലെ എല്ലാ ജീവനക്കാർക്കും തിരിച്ചറിയൽ രേഖ നിർബന്ധമാണ്. ജീവനക്കാരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് (ആധാർ കാർഡിന്റെ കോപ്പി) കരാറിനോടൊപ്പം നൽകേണ്ടതാണ്.

9. മെസ്സിന്റെ അകവും, പുറവും, പരിസരവും മാലിന്യ വിമുക്തവും, ശുചിത്വപരമായും എപ്പോഴും സൂക്ഷിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്.

10. കരാറുകാരും, തൊഴിലാളികളും, തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾക്ക് ഹോസ്റ്റൽ കമ്മറ്റിക്ക് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

11. കരാറിൽ നിന്നും കരാറുകാർ പിൻവാങ്ങുവാൻ ഉദ്ദേശിക്കുന്ന പക്ഷം ആ വിവരം കുറഞ്ഞത് 2 മാസം മുൻപ് ഹോസ്റ്റൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

12. ഹോസ്റ്റൽ കമ്മറ്റിക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാറുകാരെ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ മുൻപ് നോട്ടീസ് നൽകി, കരാർ റദ്ദാക്കി ഒഴുവാക്കാവുന്നതാണ്.

13. തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ, 7 ദിവസത്തിനകം, സെക്യൂരിറ്റി തുകയായ 50,000/- രൂപ അടച്ചു 200 രൂപയുടെ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെക്കേണ്ടതാണ്.

14. സേവന നികുതി, ആദായ നികുതി, GST, മറ്റു അനുബന്ധ നികുതികൾ കരാറുകാർ യഥാ സമയം അടക്കണ്ടതാണ്, അല്ലാത്ത പക്ഷം അവർ സ്വയം ഉത്തരവാദി ആയിരിക്കുന്നതാണ്.

15. മെസ്സിലെ സജ്ജീകരണങ്ങൾക്കു നാശ നഷ്ടങ്ങൾ സംഭവിച്ചാൽ അതിന്റെ വില കരാറുകാരിൽ നിന്നും ഈടാക്കുന്നതായിരിക്കും.

16 മെസ്സിനും പരിസരത്തുമുള്ള വാഷ് ബേസിനുകൾ ശുചിയായും മാലിന്യ മുക്തമായും സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം കരാറുകാരിൽ പൂർണമായും നിക്ഷിപ്തമാണ്.

17. ഹോസ്റ്റൽ കമ്മറ്റിക്ക് ഏതു സമയത്തും മെസ് പരിശോധിക്കുവാനുള്ള അവകാശം ഉണ്ട്.

18. യാതൊരു കാരണവും ബോധിപ്പിക്കാതെ ഏതൊരു കൊട്ടേഷനും നിരസിക്കുവാനുള്ള അധികാരം ഹോസ്റ്റൽ കമ്മറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

19. യാതൊരു വിധ ലഹരി വസ്തുക്കളും മെസ്സിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല. മെസ്സ് പരിസ്സരങ്ങളിൽ മദ്യപാനം, പുകവലി എന്നിവ കർശനമായി നിരോധിച്ചിരിക്കുന്നു

20. കൊട്ടേഷൻ കാലാവധിയിൽ അംഗീകരിച്ചിട്ടുള്ള നിരക്കുകൾ യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല.

21.കരാറുകാരനുണ്ടായേക്കാവുന്ന ബാധ്യതകൾക്കു ഹോസ്റ്റൽ കമ്മറ്റി ഉത്തരവാദി ആയിരിക്കുന്നതല്ല.

22. ഭക്ഷണം പാകം ചെയ്യുന്നതിന് ആവശ്യമായ പലവ്യഞ്ജനങ്ങൾ, സ്ഥലം, ഗ്യാസ്, വെള്ളം, പാത്രങ്ങൾ എന്നിവ ഹോസ്റ്റൽ കമ്മിറ്റി നൽകും.

23. എല്ലാ ദിവസവും താഴെ പറയുന്ന സമയങ്ങളിൽ ആഹാരം ഭക്ഷ്യയോഗ്യമായ രീതിയിൽ പാകം ചെയ്ത് വിളമ്പേണ്ടതാണ്.

| | | |
|---|---|---|
| കട്ടൻ കാപ്പി | : | 6.00 AM to 7.00 AM |
| പ്രാതൽ | : | 7.15AM to 9.30 AM |
| ഉച്ച ഭക്ഷണം | : | 12.00 PM to 2.00 PM |
| ചായ, സ്നാക്ക്സ് | : | 3.45 PM to 5.30 PM |
| അത്താഴം | : | 6.30 PM to 8.00 PM |

24. സാധാരണയായി എല്ലാ ദിവസവും ഹോസ്റ്റൽ മെസ്സ് പ്രവർത്തി ക്കുന്നതായിരിക്കും.

ഓരോ ജോലിക്കും സഹായികൾക്ക് വേണ്ട യോഗ്യത.

എ) പാചകം: കേരള, ഉത്തരേന്ഡിയ, ചൈനീസ് വിഭവങ്ങൾ തയാറാക്കുന്നതിനുള്ള പ്രാവീണ്യം.

ബി) വിതരണം: ഭക്ഷണസാധനങ്ങൽ വേണ്ട രീതിയിൽ നിർദ്ദിഷ്ട സമയങ്ങളിൽ മുഴുവൻ വിളമ്പുകളും വിതരണം ചെയ്യുകയും വേണം.

സി) ശുചീകരണം: പാചകത്തിന് വിളമ്പാനും മറ്റ് അവശ്യങ്ങൾക്കും ഉപയോഗിക്കുന്ന എല്ലാ പാത്രങ്ങളും, അടുക്കള, തീൻമുറി, മെസ്സിന്റെ പരിസരപ്രധേശങ്ങൾ തുടങ്ങിയവ വൃത്തിയായി സൂക്ഷിക്കുകയും ഹോസ്റ്റൽ കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്ത് നിക്ഷേപിക്കേണ്ടതുണ്ട്.

ഡി) പാചകമേൽനോട്ടം: മലയാളം എഴുതുവാനും വായിക്കാനും സംസാരിക്കാനും അറിയേണ്ടതും ഓരോ ദിവസവും അതാത് സമയത്തിലേക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ സാധനങ്ങൾ ഹോസ്റ്റൽ കമ്മിറ്റിയിൽ നിന്നു ഏറ്റുവാങ്ങുകയും വൃത്തിയായി സൂക്ഷിക്കുകയും പ്രസ്തുത കണക്കുകൾ ഹോസ്റ്റൽ കമ്മിറ്റിയെ ഏൽപിക്കേണ്ടതുമാണ്.

25. ഇപ്പോഴത്തെ നിലയിൽ സുമാർ 400 അംഗങ്ങൾ ഹോസ്റ്റൽ മെസ്സിൽ ഉണ്ടായിരിക്കും. ആകെയുള്ള സഹായികളിൽ ഒരാൾ പുരുഷനും ബാക്കി സ്ത്രീകളുമായിരിക്കണം. പുരുഷ സഹായി 7.00 PM ഓടെ ഹോസ്റ്റലിൽ നിന്നും പോകേണ്ടതാണ്, ഇപ്രകാരം **ഒരു ദിവസത്തെ എല്ലാ പ്രവർത്തനങ്ങൾക്കും പാചകം, വിതരണം, ശുചീകരണം, പാത്രം കഴുകൽ, റെക്കോർഡ് സൂക്ഷിക്കൽ എന്നീ കാര്യങ്ങളിലേക്ക് വേണ്ട തുക കണക്കാക്കി ഇതു ദിവസവേതനം എന്ന രീതിയിലായിരിക്കണം കോട്ടേഷൻ സമർപ്പിക്കേണ്ടത്.**

26. പക്ഷെ മെസ്സിലെ അന്ധേവാസികളുടെ (ഹോസ്റ്റൽ വിദ്യാർത്ഥിനികളുടെ) എണ്ണത്തിൽ വ്യത്യാസം വരാൻ സാധ്യത ഉണ്ടെന്ന് മുൻകൂട്ടി അറിയിക്കുന്നു. അതാത് മാസങ്ങളിലെ മെസ്സിലെ അംഗങ്ങളുടെ തിട്ടപ്പെടുത്തിയ എണ്ണം മുൻകൂറായി കരാറുകാരന് നൽകുന്നതായിരിക്കും. ഇതനുസരിച്ച് മെസ്സിലെ അംഗങ്ങളുടെ എണ്ണം 400 ഇൽ നിന്നും അധികമാവുകയാണെങ്കിൽ, അധികം വരുന്ന 30 വിദ്യാർത്ഥിനികൾക്ക് ഒരു സഹായി എന്ന അനുപാതത്തിൽ കരാറുകാരൻ അധിക സഹായികളുടെ എണ്ണം നിജപ്പെടുത്തേണ്ടതാണ്. ആയതിനാൽ ഇപ്രകാരം

അംഗസംഗ്യവ്യത്യാസം വരുന്നതനുസരിച്ച് ദിവസ വേതനത്തിൽ വ്യത്യാസം വരുന്നതായിരിക്കും. അതിനാൽ മെസ്സ് പ്രവർത്തിക്കുന്ന ദിനങ്ങളുടെയും മെസ്സിലെ അംഗങ്ങളുടെയും അടിസ്ഥാനത്തിൽ ഒരു മാസത്തെ പ്രതിഫലം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും.

27. ഒരു മാസത്തെ പ്രതിഫലം പ്രസ്തുത മാസാവസാനത്തിന് ശേഷം 30 ദിവസങ്ങൾക്കുള്ളിൽ ഹോസ്റ്റൽ കമ്മിറ്റി കരാറുകാരന് നൽകുന്നതായിരിക്കും. കരാർ കാലം ഒരു വർഷമായി നിജപ്പെടുത്തിയിരിക്കുന്നു.

28. കരാറുകാരനും സഹായികൾക്കും താമസ സൌകര്യമുണ്ടായിരിക്കുന്നതല്ല. ജോലി സമയത്ത് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

29. കരാറുകാരനും സഹായികൾക്കും മെസ്സിനുള്ളിലല്ലാതെ ഹോസ്റ്റലിനുള്ളിലോ മുറികളിലോ കടക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

30. പാകം ചെയ്ത ഭക്ഷണം വിളമ്പിത്തരാൻ നിർബന്ധമായും സ്ത്രീകൾ ഉണ്ടായിരിക്കേണ്ടതാണ്.

31. ജോലി സമയങ്ങളിൽ തൊഴിലാളികൾ വൃത്തിയായി വസ്ത്രധാരണം ചെയ്യേണ്ടതും നല്ല രീതിയിൽ പെരുമാറേണ്ടതുമാണ്.

32. പ്ലേറ്റുകളും ഗ്ലാസുകളും മറ്റു പാചകസാമഗ്രികളും ഹോസ്റ്റൽ കമ്മിറ്റി കരാറുകാരന് കൈമാറുന്നതായിരിക്കും. ഇതിന്റെ പൂർണ ഉത്തരവാദിത്വം കരാറുകാരൻ ഏറ്റെടുക്കേണ്ടതാണ്. ഇവയ്ക്കുണ്ടാവുന്ന നാശനഷ്ടങ്ങളുടെ തുക സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

33. ഹോസ്റ്റലിലെയോ മെസ്സിലെയോ യാതൊരുവിധ സാധനസാമഗ്രികളും കരാറുകാരനോ സഹായികളോ മെസ്സിന് പുറത്തേക്ക് കൊണ്ടുപോകുവാൻ പാടില്ല. ഇപ്രകാരം പ്രവർത്തിക്കുന്നത് കണ്ടാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ അവസാനിപ്പിക്കാനുള്ള പൂർണ അവകാശം ഹോസ്റ്റൽ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥിനികൾ പ്ലേറ്റ്കളും, ഗ്ലാസുകളും മെസ്സിന്റെ പുറത്തേക്ക് കൊണ്ടുപോകില്ലെന്നും ഹോസ്റ്റൽ കമ്മിറ്റി ഉറപ്പ് നൽകുന്നു.

34. യാതൊരു കാരണവശാലും പാകം ചെയ്തോ അല്ലാത്തതോ ആയ ഭക്ഷണപതാർത്ഥങ്ങൾ മെസ്സിന്റെ പുറത്തേക്ക് കൊണ്ടുപോകാൻ

കരാറുകാരനെയോ സഹായികളെയോ അനുവദിക്കുന്നതല്ല. ഹോസ്റ്റലിൽ നിന്നും പുറത്ത് പോകുമ്പോഴും അകത്ത് പ്രവേശിക്കുമ്പോഴും ചുമതലപ്പെടുത്തിയിട്ടുള്ള സെക്യൂരിറ്റിക്ക് പരിശോധിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

35. ഭക്ഷണത്തിന്റെ ശുചിത്വവും സുരക്ഷിതത്വവും കരാറുകാരനും സഹായികളും ഉറപ്പ് വരുത്തേണ്ടതാണ്. ഇതിലുണ്ടാകുന്ന വീഴ്ച മൂലം എന്തെങ്കിലും അത്യാഹിതങ്ങൾ വിദ്യാർത്ഥിനികൾക്കുണ്ടായാൽ ആയതിനുള്ള ന്യായമായ നഷ്ടപരിഹാരം കരാറുകാരൻ നൽകേണ്ടതുണ്ട്.

36. മെസ്സ് സെക്രട്ടറി അംഗീകരിക്കാത്ത യാതൊരുവിധ ഭക്ഷണ പതാർത്ഥങ്ങളും മെസ്സിൽ വിതരണം ചെയ്യാൻ കരാറുകാരനെ അനുവധിക്കുന്നതല്ല.

37. ഭക്ഷണത്തിന്റെ ഗുണമേന്മയും ഹോസ്റ്റൽ കമ്മിറ്റി സ്ഥിരമായി പരിശോധിക്കുന്നതായിരിക്കും. ഭക്ഷണത്തിന്റെ അളവിലും ഗുണമേന്മയിലും എന്തെങ്കിലും കൃത്രിമത്വം കണ്ടാൽ ഉചിതമായ നടപടി എടുക്കാൻ ഈ സമിതിക്ക് അധികാരമുണ്ടായിരിക്കും.

38. കരാറുകാരെന്റെയും സഹായിയുടെയും വാഹനങ്ങൾ സെക്യൂരിറ്റി ഓഫീസിന് സമീപത്ത് തന്നെ പാർക്ക് ചെയ്യേണ്ടതാണ്.

39. അടുക്കളയും പരിസരവും ശുചിത്വപരമായി എപ്പോഴും സൂക്ഷ്യ്ക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. കൂടാതെ ആഴ്ചയിൽ ഒരിക്കൽ അടുക്കളയും പരിസരവും കഴുകി വൃത്തിയാക്കേണ്ടതുമാണ്.

40. മേല്പറഞ്ഞ വ്യവസ്ഥകൾ ലംഘിക്കപ്പെടുകയാണെങ്കിൽ ഏതുസമയത്തും കരാർ അവസാനിപ്പിച്ച് പുതിയ കരാറുകാരനെ ഏൽപ്പിക്കുന്നതിനുള്ള അധികാരം ഹോസ്റ്റൽ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

ഹോസ്റ്റൽ സെക്രട്ടറി
യു ജി ലേഡീസ് ഹോസ്റ്റൽ
വെറ്ററിനറി കോളേജ് മണ്ണുത്തി